# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ലേ സെക്രട്ടറി & ട്രഷറർ/സീനിയർ സൂപ്രണ്ട് തസ്തികയിലുള്ള ജീവനക്കാരന് സ്ഥലംമാറ്റവും സീനിയറായിട്ടുള്ള ജൂനിയർ സൂപ്രണ്ടിന് ലേ സെക്രട്ടറി & ട്രഷറർ/സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. കത്ത് നം. എച്ച്1/32/2022-ഹെൽത്ത്, തീയതി: 01/04/2022
2. ഇ.എസ്.2-5107/2022/ആ.വ.ഡ., തീയതി: 18/04/2022

**ഉത്തരവ് നം. ഇ.ഡി.3-26880/2021/ആ.വ.ഡ., തീയതി: 26/11/2022.**

ചുവടെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലേ സെക്രട്ടറി & ട്രഷറർ തസ്തികയിലുള്ള ജീവനക്കാരന് ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന്റെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | നിലവിൽ ജോലി ചെയ്യുന്ന തസ്തികയും സ്ഥാപനവും | സ്ഥലം മാറ്റി നിയമിച്ചിരിക്കുന്ന തസ്തികയും സ്ഥാപനവും |
|---|---|---|---|
| 1. | ശ്രീ. സാബു റ്റി (PEN : 237248) | ലേ സെക്രട്ടറി & ട്രഷറർ താലൂക്ക് ആശുപത്രി, വിതുര, തിരുവനന്തപുരം | ലേ സെക്രട്ടറി & ട്രഷറർ താലൂക്ക് ആസ്ഥാന ആശുപത്രി, ചെങ്ങന്നൂർ (നിലവിലെ ഒഴിവിൽ) |

താഴെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതും പരാമർശം പ്രകാരമുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതുമായ സീനിയറായ ജൂനിയർ സൂപ്രണ്ട്-നെ 51,400 - 1,10,300 രൂപ ശമ്പള സ്കെയിലിൽ സ്ഥിര അടിസ്ഥാനത്തിൽ KS&SSR -ന്റെ ഭാഗം II -ൽ 28(b)(i) പ്രകാരം ലേ സെക്രട്ടറി & ട്രഷറർ (ഗസറ്റഡ് വിഭാഗം) ആയി ഉദ്യോഗക്കയറ്റം നൽകി ടി വ്യക്തിയുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം. | പേരും, നിലവിൽ ജോലി ചെയ്യുന്ന തസ്തികയും സ്ഥാപനവും | ജനന തീയതി | നിയമിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|---|
| 1 | 38 | ശ്രീ. സുലൈമാൻ എ കെ, ജൂനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), എറണാകുളം (PEN : 236048) | 10-04-1967 | ലേ സെക്രട്ടറി & ട്രഷറർ താലൂക്ക് ആശുപത്രി, വിതുര, തിരുവനന്തപുരം (ശ്രീ. സാബു റ്റി യ്ക്ക് പകരം) |

മേൽ സ്ഥാനക്കയറ്റം ലഭിച്ച വ്യക്തിയുടെ ശമ്പളം 51,400 - 1,10,300 രൂപ ശമ്പള സ്കെയിലിൽ നിർണ്ണയിക്കുന്നതിന് ആവശ്യമായ സമ്മതപത്രം ഒരു മാസത്തിനുള്ളിൽ അക്കൗണ്ടന്റ് ജനറൽ കേരളയ്ക്ക് സമർപ്പിക്കേണ്ടതാണ്.

സ്ഥാപന മേധാവി സ്ഥാനക്കയറ്റം നൽകിയ മേൽ ജീവനക്കാരനെ പകരം ആൾ ജോലിയ്ക്ക് ഹാജരാകുന്നത് കണക്കാക്കാതെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്.

മേൽ ഉദ്യോഗസ്ഥൻ സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷ കാലയളവിനുള്ളിൽ ആറ് മാസത്തെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിക്കേണ്ടതാണ്. ടിയാൾ യഥാസമയം ആർ.റ്റി.സി. സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. മീനാക്ഷി വി.
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-
ബന്ധപ്പെട്ട വ്യക്തികൾ

പകർപ്പ്:-
1. അക്കൗണ്ടന്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
3. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്